DESPATCHED On..20/2/2020

4/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.970(6)/2017/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.12552/SIC-Gen5/2017**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. മദനൻ ടി.വി.
മുട്ടിച്ചരൽ, ഇരിയ,
കാസർഗോഡ് – 671 531. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
അമ്പലത്തറ പോലീസ് സ്റ്റേഷൻ,
കാസർഗോഡ്. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 31/07/2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 26/08/2017 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 18/09/2017 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 23/09/2017 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 21/01/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | – |
| ഹീയറിംഗ് നടന്ന തീയതി & സ്ഥലം | 03/02/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കാസർഗോഡ്. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. മദനൻ ടി.വി., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, എതിർകക്ഷി ടിയാന്റെ അപേക്ഷയിന്മേൽ തെറ്റായതും അപൂർണ്ണവുമായതും കളവായതുമായ മറുപടിയാണ് നൽകിയത് എന്നും 5–ാം ഇനം സംബന്ധിച്ച് ടിയാന് നൽകിയ മറുപടി തെറ്റായതാണെന്നും പരാമർശിത കേസ്സിൽ എതിർകക്ഷി കൈവശാവകാശത്തിന് വില്ലേജ് ഓഫീസർക്ക് അപേക്ഷ നൽകിയിട്ടില്ല എന്നും 6–ാം ഇനം സംബന്ധിച്ച് തെറ്റായ വിവരമാണ് നൽകിയിട്ടുള്ളതെന്നും ലീഗൽ ഒപ്പീനിയന്റെ കോപ്പി ആവശ്യപ്പെട്ടുവെങ്കിലും അത് സംബന്ധിച്ച് യാതൊന്നും വ്യക്തമാക്കിയിട്ടില്ല എന്നും 8–ാം ഇനം സംബന്ധിച്ച് അറിയിച്ചത്, കേസ് അന്വേഷണാവസ്ഥയിലാണ് എന്നാണെന്നും എന്നാൽ 5, 6 എന്നീ ഇനങ്ങൾ സംബന്ധിച്ച വിവരം നൽകിയതിൽ അന്വേഷണം പൂർത്തീകരിച്ച് ജില്ലാ പോലീസ് മേധാവിക്ക് സമർപ്പിച്ചു എന്നാണ് പ്രസ്താവിച്ചിട്ടുള്ളതെന്നും 11–ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം സംബന്ധിച്ച ചോദ്യം വ്യക്തമല്ല എന്ന മറുപടിയാണ് നൽകിയതെന്നും ഓരോ മാസത്തിലും കേസ് പെൻഡൻസി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നുണ്ടെന്ന് എതിർകക്ഷിയ്ക്ക് അറിയാവുന്നതാണെന്നും കൂടാതെ ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾ കേസ് അന്വേഷണാവസ്ഥയിലാകയാൽ വിവരാവകാശ നിയമത്തിലെ 8(2) (എച്ച്) പ്രകാരം നൽകാൻ നിർവ്വാഹമില്ല എന്നാണ് അറിയിച്ചിട്ടുള്ളതെന്നും അപ്രകാരമുള്ള വകുപ്പ്

വിവരാവകാശ നിയമത്തിൽ ഇല്ലെന്നും എസ്.പി.ഐ.ഒ.യുടെ പേര്, ഒന്നാം അപ്പീൽ അധികാരിയുടെ അഡ്രസ്സ്, അപ്പീൽ കാലാവധി സംബന്ധിച്ച വിവരങ്ങൾ എന്നിവ ഒന്നും നൽകിയിട്ടില്ലെന്നും ആയതിനാൽ മേൽ പ്രസ്താവിച്ച പ്രകാരമുള്ള വീഴ്ചകൾ വരുത്തിയ എതിർകക്ഷിയ്ക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. ക്രൈം നമ്പർ: 399/16, 87/17 എന്നീ കേസ്സുകളിൽ കോടതിയിൽ എന്തെല്ലാം രേഖകൾ, റിപ്പോർട്ടുകൾ നാളിതുവരെ ഹാജരാക്കിട്ടുണ്ടെന്നും ഡെസ്പാച്ച് നമ്പർ, കോടതി കൈപ്പറ്റിയ തീയതി സഹിതം നൽകണമെന്നും

ii. മേൽപ്പടി കേസ്സുകളിൽ എത്ര സി.ഡി.കൾ മേൽ ഓഫീസിൽ നാളിതുവരെ അയച്ചിട്ടുണ്ടെന്നും തീയതി, ഡെസ്പാച്ച് നമ്പർ എന്നിവ നൽകണമെന്നും

iii. ക്രൈം 399/16-ൽ എതിർകക്ഷി ഓഫീസിൽ നിന്നും സൈറ്റ് പ്ലാൻ തയ്യാറാക്കി നൽകുന്നതിന് CrPC പ്രകാരം വില്ലേജ് ഓഫീസർക്ക് നോട്ടീസ് നൽകിയ തീയതി ഏതെന്നും, നോട്ടീസ് നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം എന്തെന്നും മേൽപ്പടി കേസ്സിലെ അന്വേഷണ ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക മേൽവിലാസവും നൽകണമെന്നും

iv. CrPC നോട്ടീസ് നൽകി നിശ്ചിത സമയപരിധിയ്ക്കുള്ളിൽ നോട്ടീസ് കൈപ്പറ്റിയ ആൾ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കണമെന്ന നിയമം ഉണ്ടായിരിക്കെ ആയത് നൽകാതെ കേസ് 10 മാസത്തോളം താമസം വരുത്തിയതിന് കാരണവും, ഉദ്യോഗസ്ഥന്റെ പേരും CrPC നോട്ടീസ് പ്രകാരം രേഖ ഹാജരാക്കിട്ടില്ലെങ്കിൽ ടിയാനെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ആയതിന്റെ ഉത്തരവാദിയുടെ പേര് നൽകണമെന്നും മറ്റുമായി 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം ടിയാന്റെ അപേക്ഷയിലെ 5, 6, 7, 8, 11 എന്നീ ഇനങ്ങൾ സംബന്ധിച്ച് നൽകിയിട്ടുള്ള മറുപടികൾ സംബന്ധിച്ചാണെന്ന് കാണുന്നു. 5-ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ക്രൈം 87/17, 399/16 എന്നിവയിൽ എതിർകക്ഷി ഓഫീസ് നാളിതുവരെ എടുത്ത നടപടികൾ, തീയതി സഹിതം അറിയിക്കണമെന്നും ഐ.ആർ./വി.ആർ നിർദ്ദേശം എന്തെന്നുമാണ്. മേൽപ്പടി ഇനം സംബന്ധിച്ച് എതിർകക്ഷി അറിയിച്ചത്, 399/16 കേസ്സിൽ സംഭവസ്ഥല മഹസർ തയ്യാറാക്കി എന്നും സാക്ഷികളെ ചോദ്യം ചെയ്തിട്ടുള്ളതാണെന്നും സ്ഥലത്തിന്റെ കൈവശാവകാശം അറിയുന്നതിന് ബേളൂർ വില്ലേജ് ഓഫീസർക്ക് അപേക്ഷ നൽകിയിട്ടുള്ളതാണെന്നും പിന്നീട് 91 CrPC പ്രകാരം നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കേസ് തീർപ്പാക്കുന്നതാണെന്നും ഡി.വൈ.എസ്.പി.യുടെയും ഐ.പി.യുടെയും ഐ.ആർ. -ൽ ബേളൂർ വില്ലേജ് ഓഫീസറുടെയും റിപ്പോർട്ടിന്മേൽ താലൂക്ക് സർവ്വേയറുടെ സേവനം ആവശ്യപ്പെട്ടിട്ടുള്ളതായി കാണുന്നു എന്നും എത്രയും പെട്ടെന്ന് കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് കേസ്സിൽ തീർപ്പ് കൽപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും 87/17 കേസ്സിൽ സാക്ഷികളെ ചോദ്യം ചെയ്തിട്ടുള്ളതാണെന്നും സ്ഥലത്തിന്റെ കൈവശാവകാശം അറിയുന്നതിന്

RIGHT TO INFORMATION

ബേളൂർ വില്ലേജ് ഓഫീസർക്ക് അപേക്ഷ കൊടുത്തിട്ടുള്ളതാണെന്നും legal opinion ലഭിക്കുന്നതിന് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർക്ക് അപേക്ഷ നൽകിയിട്ടുള്ളതാണെന്നും legal opinion ന്റെ അടിസ്ഥാനത്തിൽ കേസ്സിന്റെ അന്വേഷണം പൂർത്തീകരിച്ച് ഫൈനൽ റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി സി.ഡി. ഫയൽ ജില്ലാ പോലീസ് മേധാവിക്ക് പരിശോധന നടത്തി നിർദ്ദേശം നൽകുന്നതിനായി സമർപ്പിച്ചിട്ടുണ്ടെന്നും മേൽപ്പടി കേസ്സിൽ ഐ.പി.യുടെ ഐ.ആർ.ൽ എ.പി.പി.യുടെ legal opinion പ്രകാരം കേസ്സിൽ തീർപ്പ് കൽപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നുമാണ്. ഹർജിക്കാരന് മേൽപ്പടി ഇനത്തിൽ നൽകിയ മറുപടി തെറ്റാണെന്ന് ടിയാൻ അവകാശപ്പെടുന്നുണ്ടെങ്കിലും ആയത് സ്ഥാപിക്കുന്ന രേഖകൾ ഒന്നും ടിയാൻ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടില്ല. എന്നിരുന്നാലും മേൽപ്പടി ഇനം സംബന്ധിച്ച് നൽകിയ മറുപടി പുനപ്പരിശോധിച്ച് വില്ലേജ് ഓഫീസർക്ക് നോട്ടീസ് നൽകിയ തീയതി ഏതാണെന്ന് വ്യക്തമാക്കി ഹർജിക്കാരന് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം മറുപടി നൽകേണ്ടതാണ്. 6–ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ക്രൈം 87/17 സംബന്ധിച്ച് ഏതെല്ലാം ഓഫീസിൽ നിന്നും legal opinion ലഭിച്ചിട്ടുണ്ട് എന്നും ആയതിന്റെ കോപ്പി നൽകണമെന്നും ലഭിച്ച legal opinion പ്രകാരം കേസ് ഏത് രീതിയിൽ കൊണ്ടുപോകാനാണ് നിർദ്ദേശം ലഭിച്ചിട്ടുള്ളതെന്നും legal opinion ലഭിച്ച തീയതി വ്യക്തമാക്കണമെന്നുമാണ്. മേൽപ്പടി ഇനം സംബന്ധിച്ച് അറിയിച്ചത്, ജെ.എഫ്.സി.എം.–1 ഹോസ്ദുർഗ്ഗ് എ.പി.പി. നിന്നും legal opinion 30.3.2017 തീയതി ലഭിച്ചു എന്നും ആയതിന്റെ അടിസ്ഥാനത്തിൽ കേസ്സിന്റെ അന്വേഷണം പൂർത്തീകരിച്ച് ഫൈനൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സി.ഡി. ഫയൽ ജില്ലാ പോലീസ് മേധാവിക്ക് നൽകിയിട്ടുണ്ടെന്നുമാണ്. മേൽപ്പടി മറുപടിയിൽ legal opinion ന്റെ പകർപ്പ് സംബന്ധിച്ച് യാതൊന്നും പ്രസ്താവിച്ചിട്ടില്ലെന്നും ഹർജിക്കാരന് നൽകിയ മറുപടിയുടെ അവസാന ഭാഗത്ത് കേസ് അന്വേഷണാവസ്ഥയിലാകയാൽ പകർപ്പുകൾ വിവരാവകാശ നിയമത്തിലെ 8(2)(എച്ച്) പ്രകാരം അനുവദിക്കുവാൻ നിർവ്വാഹമില്ല എന്നറിയിച്ചതായി കാണുന്നു. വിവരാവകാശ നിയമത്തിൽ 8(2)(എച്ച്) പ്രകാരമുള്ള വകുപ്പില്ല എന്ന ഹർജിക്കാരന്റെ ആക്ഷേപം വസ്തുനിഷ്ടമാണ്. മേൽപ്പടി വകുപ്പ് തെറ്റായി രേഖപ്പെടുത്തിയത് ഒഴികെ ഹർജിക്കാരന് എന്തെങ്കിലും തെറ്റായ വിവരം നൽകിയിട്ടുള്ളതായി കാണുന്നില്ല. 8–ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, സർക്കാർ റിക്കോർഡുകൾ തിരുത്തിയാൽ കോടതി വിധി ലംഘിച്ച് റെക്കോർഡിൽ എഴുതി ചേർത്താൽ കേസ് എഫ്.എ.ഡി. ആക്കുന്നതിന് നിലവിലെ നിയമവ്യവസ്ഥ, ഉത്തരവ് എന്നിവ കോപ്പി സഹിതം നൽകണമെന്നാണ്. മേൽപ്പടി ഇനം സംബന്ധിച്ച് അറിയിച്ചത്, കേസ് അന്വേഷണാവസ്ഥയിലായതിനാൽ 'ബാധകമല്ല' എന്നാണ്. മേൽപ്പടി ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത് എതിർകക്ഷി ഓഫീസിലെ ഏതെങ്കിലും ഫയലിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടുള്ള വിവരമല്ല എന്നും മറിച്ച് പരാമർശിത കേസ് എഫ്.എ.ഡി. ആക്കുന്നത് ഏതുനിയമ പ്രകാരം/ഉത്തരവ് പ്രകാരം എന്നത് സംബന്ധിച്ചാണെന്നും കാണുന്നു. ആയത് വിവരാവകാശ നിയമത്തിലെ 2(എഫ്) പ്രകാരം നിർവച്ചിച്ചിട്ടുള്ള 'വിവരം' എന്നതിന്റെ പരിധിയിൽ വരുന്നതല്ല എന്നു കമ്മീഷൻ വിലയിരുത്തുന്നു. 11–ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ക്രൈം നം. 87/17 രജിസ്റ്റർ ചെയ്ത ശേഷം ഓരോ മാസത്തിലും സ്റ്റേറ്റ്മെന്റ് പ്രകാരം നൽകിയ പെൻഡൻസി സംബന്ധിച്ച

വിവരം നൽകണമെന്നാണ്. ആയത് സംബന്ധിച്ച് അറിയിച്ചത് ചോദ്യം വ്യക്തമല്ല എന്നാണ്. ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ചൂണ്ടിക്കാട്ടിയത് ഓരോ മാസവും കേസുകൾ സംബന്ധിച്ച പെൻഡൻസി സ്റ്റേറ്റ്മെന്റ് എതിർകക്ഷി തയ്യാറാക്കാറുണ്ടെന്നും ആയത് സംബന്ധിച്ച വിവരമാണ് ടിയാൻ ആവശ്യപ്പെട്ടത് എന്നും അത് വ്യക്തമല്ല എന്ന എതിർകക്ഷിയുടെ വാദം ശരിയല്ല എന്നുമാണ്. ഹർജിക്കാരന്റെ അപേക്ഷയിലെ മേൽപ്പടി ഇനത്തിൽ ആവശ്യപ്പെട്ട വിവരം സംബന്ധിച്ച് അവ്യക്തതയുണ്ടെന്ന് കമ്മീഷൻ വിലയിരുത്തുന്നു. കമ്മീഷൻ മുമ്പാകെ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം എന്താണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ മേൽപ്പടി വിവരം വ്യക്തമാക്കിയിരുന്നില്ല എന്നു കാണുന്നു. ആയതിനാൽ മേൽപ്പടി ഇനം സംബന്ധിച്ച് എതിർകക്ഷി നൽകിയിട്ടുള്ള മറുപടിയിൽ കമ്മീഷൻ അപാകത ഒന്നും കാണുന്നില്ല.

4. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ നിരസിച്ചത് വിവരാവകാശ നിയമത്തിലെ 8(2) (എച്ച്) വകുപ്പ് ചൂണ്ടിക്കാട്ടിയാണെന്ന് കാണുന്നു. ആയത് തെറ്റായ മറുപടിയാണ്. മേൽ പ്രസ്താവിച്ച വകുപ്പ് വിവരാവകാശ നിയമത്തിൽ ഇല്ല. ആയത് കാണിക്കുന്നത് വേണ്ടത്ര ശ്രദ്ധയില്ലാതെയാണ് എതിർകക്ഷി മറുപടി തയ്യാറാക്കി ഹർജിക്കാരന് നൽകിയത് എന്നാണ്. അപ്രകാരം തന്നെ ഹർജിക്കാരന് നൽകിയ മറുപടിയിൽ എസ്.പി.ഐ.ഒ.യുടെ പേര് നൽകിയിട്ടില്ല എന്നും ഒന്നാം അപ്പീൽ അധികാരിയുടെ അഡ്രസ്സും അപ്പീൽ കാലാവധി സംബന്ധിച്ച വിവരവും നൽകിയിരുന്നില്ല എന്നും കാണുന്നു. മേൽപ്പടി വീഴ്ചകൾ വിവരാവകാശ നിയമപ്രകാരം ഗുരുതരമാകയാൽ മേൽപ്പടി വീഴ്ചകൾക്ക് ഉത്തരവാദിയായ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിമയത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്കു കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള അന്തിമ ശിക്ഷാഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 4–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

RIGHT TO INFORMATION